ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.09.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ യു.എസ് സന്ദർശനം തുടരുന്നു; യു.എൻ പൊതുസഭയുടെ, ഉച്ചകോടിയെ പ്രധാനമന്ത്രി ഇന്ന് അഭിസംബോധന ചെയ്യും.**

   Prime Minister Narendra Modi's US visit continues; The Prime Minister will address the UN General Assembly Summit today.

2. **യു.എസിലെ ബോസ്റ്റണിലും ലോസ് ഏഞ്ചൽസിലും പുതിയ കോൺസുലേറ്റുകൾ തുറക്കുമെന്ന് പ്രഖ്യാപിച്ച് ഇന്ത്യ.**

   India to open two new consulates at Boston and Los Angeles in the US.

3. **ശ്രീലങ്കയുടെ പുതിയ പ്രസിഡൻറായി നാഷണൽ പീപ്പിൾസ് പവറിൻറെ അനുര കുമാര ദിസനായകെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.**

   National People's Power leader Anura Dissanayake takes oath as Sri Lanka's new President.

4. **ജമ്മു കശ്മീരിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ട പ്രചാരണം ഇന്ന് അവസാനിക്കും.**

   Campaigning for second phase of assembly elections in Jammu and Kashmir to end this evening.

5. **കേരളത്തിൽ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് യുവാവ് മരിച്ചു.**

   Kerala man dies of Amoebic meningitis.

6. **ബംഗ്ലാദേശിനെതിരായ ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിന് വെള്ളിയാഴ്ച കാൺപൂരിൽ തുടക്കമാകും.**

**The second match of the India - Bangladesh cricket Test series will begin in Kanpur on Friday.**

*****************************************************

## PM - US VISIT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ യു.എസ് സന്ദർശനം തുടരുന്നു. അമേരിക്കയിലെ ഡെലവെയിൽ നടന്ന ക്വാഡ് നേതാക്കളുടെ ഉച്ചകോടിയിൽ, ആഗോള വളർച്ച, സമാധാനം, സുരക്ഷ , എന്നിവയ്ക്കായുള്ള ഇന്ത്യയുടെ കാഴ്ചപ്പാട് വ്യക്തമാക്കിയതായി പ്രധാനമന്ത്രി പറഞ്ഞു. യു.എൻ പൊതുസഭയുടെ, ഉച്ചകോടിയെ പ്രധാനമന്ത്രി ഇന്ന് ന്യൂയോർക്കിൽ അഭിസംബോധന ചെയ്യും.

*****************************************************

## PM-DIASPORA

ഇന്ത്യ-യു.എസ് ഉഭയകക്ഷി ബന്ധത്തിൽ ഇന്ത്യൻ പ്രവാസികളുടെ പങ്കിനെ പ്രശംസിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.

രാജ്യത്തിൻറെ ഏറ്റവും ശക്തരായ ബ്രാൻഡ് അംബാസഡർമാരാണ് പ്രവാസികളെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ന്യൂയോർക്കിലെ ലോംഗ് ഐലൻഡിലുള്ള നാസാവു കൊളീസിയത്തിൽ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയുകയായിരുന്നു അദ്ദേഹം. ഹൂസ്റ്റൺ സർവ്വകലാശാലയിൽ തിരുവള്ളുവർ ചെയർ ഓഫ് തമിഴ് സ്റ്റഡീസിൻറെ ഉദ്ഘാടനവും പ്രധാനമന്ത്രി നിർവഹിച്ചു.

*****************************************************

## INDIA-IPEF AGREEMENTS

സംശുദ്ധ സമ്പദ് വ്യവസ്ഥ, ഇൻഡോ - പസഫിക് സാമ്പത്തിക ക്രമം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന വിവിധ കരാറുകളിൽ ഇന്ത്യ, ഒപ്പുവച്ചു. ക്വാഡ് ഉച്ചകോടിക്കായി അമേരിക്കയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി, ഇൻഡോ-പസഫിക് സാമ്പത്തിക

ചട്ടക്കൂടിന് കീഴിലാണ് കരാർ ഒപ്പിട്ടത്. സാങ്കേതിക സഹകരണം, തൊഴിൽ ശാക്തീകരണം, ശേഷി വർദ്ധിപ്പിക്കൽ, ഗവേഷണ സഹകരണം എന്നിവയ്ക്ക് പ്രോത്സാഹനം നൽകാൻ ലക്ഷ്യമിട്ടുള്ളതാണ് കരാർ.

*****************************************************

## PM-CONSULATES

അമേരിക്കയിലെ ബോസ്റ്റണിലും, ലോസ് ആഞ്ചലസിലും രണ്ട് ഇന്ത്യൻ കോൺസുലേറ്റുകൾ തുറക്കുമെന്ന് പ്രഖ്യാപിച്ച് പ്രധാനമന്ത്രി. ഹൂസ്റ്റൺ സർവ്വകലാശാലയിൽ തിരുവള്ളുവർ തമിഴ് പഠനം ആരംഭിക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. നിലവിൽ ന്യൂയോർക്ക്, അറ്റ്ലാൻ്റ, ഷിക്കാഗോ, ഹൂസ്റ്റൺ, സാൻ ഫ്രാൻസിസ്കോ, സിയാറ്റിൽ എന്നിവിടങ്ങളിലായി ഇന്ത്യയ്ക്ക് ആറ് കോൺസുലേറ്റുകളുണ്ട്.

*****************************************************

## Roundtable meeting-pm - (INTRO)

ലോകത്തിലെ അഞ്ചാമത്തെ വലിയ സമ്പദ് വ്യവസ്ഥയെന്ന നേട്ടം കൈവരിക്കാൻ ഇന്ത്യക്ക് കഴിഞ്ഞതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ഉടൻ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയാകുക എന്ന ലക്ഷ്യത്തിലെത്താൻ രാജ്യത്തിന് സാധിക്കുമെന്ന് ഉറപ്പുണ്ടെന്നും ശ്രീ മോദി പറഞ്ഞു. ന്യൂയോർക്കിലെ പ്രമുഖ കമ്പനികളുടെ സി.ഇ.ഒ മാരുമായി റൗണ്ട് ടേബിൾ മീറ്റിംഗിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

**(PM BITE.............................)**

*****************************************************

## PM-NEPAL, KUWAIT

പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂയോർക്കിൽ കുവൈത്ത് കിരീടാവകാശി ഷെയ്ഖ് സബാഹ് അൽ ഖാലിദ് അൽ സബാഹുമായി ചർച്ച നടത്തി. ഉഭയകക്ഷി ബന്ധങ്ങൾ

ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ ഇരു നേതാക്കളും ചർച്ച ചെയ്തു. നേപ്പാൾ പ്രധാനമന്ത്രി കെ.പി ശർമ ഒലിയുമായും പ്രധാനമന്ത്രി ചർച്ച നടത്തി. ഇന്ത്യ-നേപ്പാൾ പങ്കാളിത്തത്തിന്റെ എല്ലാ മേഖലകളിലും സഹകരണം ശക്തിപ്പെടുത്തുമെന്ന് ഇരുവരും വ്യക്തമാക്കി. ഭൂട്ടാൻ പ്രധാനമന്ത്രിയുമായും ശ്രീ മോദി കൂടിക്കാഴ്ച നടത്തി.

*************************************************************

## AYUSHMAN BHARAT

ആയുഷ്മാൻ ഭാരത് - പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജനയുടെ ആറാം വാർഷികം ഇന്ന്. 2018- ലാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി പദ്ധതിക്ക് തുടക്കമിട്ടത്. 12.37 കോടി കുടുംബങ്ങളിലെ ഏകദേശം 55 കോടി ഗുണഭോക്താക്കൾക്ക് പ്രതിവർഷം അഞ്ച് ലക്ഷം രൂപയുടെ ആരോഗ്യ പരിരക്ഷ ലഭ്യമാക്കുകയാണ് ലക്ഷ്യം. കഴിഞ്ഞ ആറ് വർഷത്തിനിടയിൽ, ദശലക്ഷക്കണക്കിന് പേർക്ക് രോഗശാന്തിയും പ്രത്യാശയും നൽകാൻ പദ്ധതിയിലൂടെ സാധിച്ചതായി കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നഡ്ഡ പറഞ്ഞു. രാജ്യത്തെ എല്ലാ പൗരന്മാർക്കും, പ്രത്യേകിച്ച് ദുർബല വിഭാഗത്തിന് തുല്യമായ ആരോഗ്യപരിരക്ഷ ലഭ്യമാക്കുന്നതിനുള്ള കേന്ദ്രസർക്കാരിൻ്റെ പ്രതിബദ്ധതയുടെ തെളിവാണിതെന്ന് ശ്രീ നഡ്ഡ വ്യക്തമാക്കി.

*************************************************************

## SRI LANKA PRESIDENT

ശ്രീലങ്കയുടെ ഒൻപതാമത്തെ പ്രസിഡൻറായി നാഷണൽ പീപ്പിൾസ് പവറിൻറെ അനുര കുമാര ദിസനായകെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. പ്രതിപക്ഷ നേതാവ് സജിത് പ്രേമദാസയെ പരാജയപ്പെടുത്തിയാണ് 55 കാരനായ അനുര വിജയം നേടിയത്. ആദ്യ റൗണ്ട് വോട്ടെണ്ണലിൽ ആർക്കും 50 ശതമാനം വോട്ട് ലഭിക്കാത്തതിനാൽ രണ്ടാം വട്ട

വോട്ടെണ്ണലിലാണ് അനുരയെ വിജയിയായി പ്രഖ്യാപിച്ചത്. പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ട അനുരയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ഇന്ത്യയുടെ അയൽപ്പക്കം ആദ്യം നയത്തിലും സാഗർ കാഴ്ചപ്പാടുകളിലും ശ്രീലങ്കയ്ക്ക് നിർണായക സ്ഥാനമുണ്ടെന്നും ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുമെന്ന് പ്രത്യാശിക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

*****************************************************

**ബ്രേക്ക്......**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

*****************************************************

## ECI – JHARKHAND

നിയമസഭാ തെരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ അവലോകനം ചെയ്യുന്നതിനായി മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാറിൻറെ നേതൃത്വത്തിലുള്ള സംഘം ജാർഖണ്ഡിൽ എത്തി.
രണ്ടു ദിവസത്തെ സന്ദർശനത്തിനായി എത്തിയ സംഘം റാഞ്ചിയിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുമായി ഇന്ന് കൂടിക്കാഴ്ച നടത്തും. തുടർന്ന് എൻഫോഴ്സ്മെൻ്റ് ഏജൻസികളിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തും.
24 ജില്ലകളിലെ തിരഞ്ഞെടുപ്പ് ഓഫീസർമാരുമായും പൊലീസ് സൂപ്രണ്ടുമാരുമായും സംഘം നാളെ ചർച്ച നടത്തും.

*****************************************************

## J K- ELECTION - (INTRO)

ജമ്മു കശ്മീരിൽ നിയമസഭാ തിരഞ്ഞെടുപ്പിൻറെ രണ്ടാം ഘട്ട പ്രചാരണം ഇന്ന് അവസാനിക്കും. അഞ്ച് ജില്ലകളിലെ
26 നിയമസഭാ മണ്ഡലങ്ങളിലേക്കാണ് രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്നത്.

**വിശദാംശങ്ങളിലേക്ക്.....**

**(VOICE.....)**

രണ്ടാം ഘട്ട വോട്ടെടുപ്പിൻറെ പരസ്യപ്രചാരണം അവസാനിക്കുന്ന ഇന്ന് ജമ്മു കാശ്മീരിൽ വിവിധ രാഷ്ട്രീയ കക്ഷികൾ പ്രചാരണം ഊർജ്ജിതമാക്കി. എ.ഐ.സി.സി മുൻ അധ്യക്ഷനും ലോക്സഭാ പ്രതിപക്ഷ നേതാവുമായ രാഹുൽ ഗാന്ധി ഇന്ന് പൂഞ്ചിലും ശ്രീനഗറിലും തിരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുക്കുന്നുണ്ട്. കോൺഗ്രസ്- എൻ.സി സഖ്യ സ്ഥാനാർത്ഥിയും എ.ഐ.സി.സി സെക്രട്ടറിയുമായ ഷാനവാസ് ചൗധരി, ജെ.കെ.പി.സി.സി പ്രസിഡന്റും സഖ്യ സ്ഥാനാർത്ഥിയുമായ താരിഖ് ഹമീദ് കർറ എന്നിവർക്ക് പിന്തുണയുമായാണ് അദ്ദേഹം പ്രചാരണത്തിന് എത്തുന്നത്. തിരഞ്ഞെടുപ്പ് ചൂട് കനത്തതോടെ ബിജെപിയുടെ മുതിർന്ന നേതാക്കളും ജമ്മു കാശ്മീരിൽ പ്രചാരണ രംഗത്ത് സജീവമാണ്. കഴിഞ്ഞ ദിവസങ്ങളിൽ ബിജെപിയുടെ മുതിർന്ന നേതാക്കളായ രാജ്നാഥ് സിംഗ്, ജെ.പി നഡ്ഡ, അമിത് ഷാ തുടങ്ങിയവർ പ്രചാരണത്തിനെത്തിയിരുന്നു. നാഷണൽ കോൺഫറൻസ് അധ്യക്ഷനും ജമ്മു കശ്മീർ മുൻ മുഖ്യമന്ത്രിയുമായ ഫാറൂഖ് അബ്ദുള്ള ഇന്ന് സൈനകോട്ട് തിരഞ്ഞെടുപ്പ് റാലിയിൽ പങ്കെടുക്കും. മൂന്ന് ഘട്ടങ്ങളിലായി നടക്കുന്ന ജമ്മു കശ്മീർ നിയമസഭാ തിരഞ്ഞെടുപ്പിൻറെ ആദ്യ ഘട്ടം ഈ മാസം 18 നായിരുന്നു. രണ്ടാം ഘട്ടം മറ്റന്നാളും മൂന്നാം ഘട്ടം ഒക്ടോബർ ഒന്നിനും നടക്കും. ഒക്ടോബർ എട്ടിനാണ് വോട്ടെണ്ണൽ.

ന്യൂസ്ഡെസ്ക് ആകാശവാണി.....

*******************************************************

## PM-CHESS

ബുഡാപെസ്റ്റിൽ നടക്കുന്ന 45-ാമത് ചെസ് ഒളിമ്പ്യാഡിൽ, സ്വർണം നേടിയ ഇന്ത്യൻ സംഘത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. രാജ്യത്തിൻറെ കായിക പാതയിൽ ഒരു പുതിയ അധ്യായം അടയാളപ്പെടുത്തുന്നതാണ് ഈ നേട്ടമെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. ഇതാദ്യമായാണ് ചെസ് ഒളിമ്പ്യാഡിൽ ഇന്ത്യ കിരീടം സ്വന്തമാക്കുന്നത്.

*******************************************************

## BCCI

ബംഗ്ലാദേശിനെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിനുള്ള ഇന്ത്യൻ ടീമിൽ മാറ്റമില്ലെന്ന് ബി.സി.സി.ഐ അറിയിച്ചു.

ഈ മാസം 27 മുതൽ കാൺപൂരിലാണ് മത്സരം. ആദ്യ ടെസ്റ്റിൽ ബംഗ്ലാദേശിനെതിരെ ഇന്ത്യ 280 റൺസിന് വിജയിച്ചിരുന്നു.

*******************************************************

## AMOEBIC

കേരളത്തിൽ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ഒരു മരണം കൂടി. കാസർഗോഡ് സ്വദേശിയായ യുവാവാണ് മരിച്ചത്. കണ്ണൂർ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയായിരുന്നു.

*******************************************************

## NIPAH - KERALA

കേരളത്തിൽ നിപ നിയന്ത്രണ വിധേയമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ഇതുവരെയുള്ള പരിശോധന ഫലങ്ങൾ എല്ലാം നെഗറ്റീവ് ആണ്. നിപ വ്യാപനം തടയാൻ ആവശ്യമായ ജാഗ്രത പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാർ നടത്തിവരികയാണെന്നും മന്ത്രി പറഞ്ഞു. എംപോക്സ് സംബന്ധിച്ചും കേരളത്തിൽ സൂക്ഷ്മ നിരീക്ഷണമാണ് നടത്തുന്നതെന്നും വീണ ജോർജ് ഇടുക്കിയിൽ പറഞ്ഞു.

*******************************************************

## TIRUPATI– SIT

തിരുപ്പതി ലഡ്ഡുവിൽ മൃഗക്കൊഴുപ്പ് കണ്ടെത്തിയ സംഭവം അന്വേഷിക്കാൻ പ്രത്യേക സംഘത്തെ നിയോഗിച്ചതായി ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി എൻ ചന്ദ്രബാബു നായിഡു. ഐ.ജി റാങ്കിനോ അതിനു മുകളിലോ ഉള്ള ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാകും അന്വേഷണം. കുറ്റവാളികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. അതേസമയം, കുറ്റക്കാരായ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയതായും അവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയതായും തിരുമല തിരുപ്പതി ദേവസ്വം അധികൃതർ അറിയിച്ചു.

*****************************************************

## IMD

കൊങ്കൺ, ഗോവ, മധ്യ മഹാരാഷ്ട്ര, മറാത്ത്വാഡ മേഖലകളിൽ ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മാഹി, യാനം, ആന്ധ്രാപ്രദേശിൻറെയും കർണാടകയുടെയും തീരദേശ മേഖല, റായലസീമ, തെലങ്കാന, ഉത്തര കർണാടക, കേരളം എന്നിവിടങ്ങളിലും അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. വിദർഭ, ഛത്തീസ്ഗഢ്, ഒഡീഷ, വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലും ശക്തമായ മഴയ്ക്കുള്ള മുന്നറിയിപ്പുണ്ട്.

*****************************************************

## SUPREME COURT

കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ സൂക്ഷിക്കുന്നതും കാണുന്നതും പോക്സോ നിയമ പ്രകാരം കുറ്റകരമാണെന്ന് സുപ്രീംകോടതി. ഇത്തരം ദൃശ്യങ്ങൾ പ്രചരിപ്പിച്ചാൽ മാത്രമെ കുറ്റം ചുമത്താനാകൂവെന്നും വീഡിയോകൾ സൂക്ഷിക്കുന്നത് കുറ്റകരമല്ലെന്നും ഉള്ള മദ്രാസ് ഹൈക്കോടതി വിധി തള്ളിയാണ്

സുപ്രീംകോടതിയുടെ ഉത്തരവ്. ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബഞ്ചിൻറേതാണ് ഉത്തരവ്.

*********************************************************

## SWACHH BAHARAT

സ്വച്ഛ് ഭാരത്, സ്വച്ഛ് സാഗർ പരിപാടികളുടെ ഭാഗമായി ലക്ഷദ്വീപ് വനം-പരിസ്ഥിതി വകുപ്പിൻ്റെ നേതൃത്വത്തിൽ വിവിധ ദ്വീപുകളിലായി തീരദേശ ശുചീകരണ പരിപാടികൾ സംഘടിപ്പിച്ചു. കവരത്തി ദ്വീപിൽ ആരംഭിച്ച ശുചീകരണ പരിപാടിക്ക് ലക്ഷദ്വീപ് സ്റ്റേറ്റ് നോഡൽ ഓഫീസർ നേതൃത്വം നൽകി. വനിതാ കൂട്ടായ്മകൾ, വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർ ശുചീകരണ പ്രവർത്തികളിലും തുടർന്ന് നടന്ന മനുഷ്യ ചങ്ങലയിലും പങ്കാളികളായി.

*********************************************************

## ENVIRONMENT MINISTER

ഒരു മണിക്കൂറിനുള്ളിൽ 5 ലക്ഷം വൃക്ഷത്തൈകൾ നട്ട് ലോക റെക്കോർഡ് നേടിയ ടെറിട്ടോറിയൽ ആർമിയുടെ 128 ഇൻഫൻട്രി ബറ്റാലിയനെയും പരിസ്ഥിതി ദൗത്യസേനയെയും അഭിനന്ദിച്ച് കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ്. ജയ്സാൽമീറിൽ സേന, 5 ലക്ഷത്തി 20 ആയിരം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചതായി ശ്രീ യാദവ് സമൂഹമാധ്യമത്തിലൂടെ അറിയിച്ചു. ഏക് പേട് മാ കെ നാം, പ്രാദേശിക ആർമി ഔട്ട്റീച്ച് പ്രോഗ്രാമായ ഭാഗിദാരി, സിമ്മേദാരി എന്നിവയ്ക്ക് കീഴിലാണ് പരിപാടി സംഘടിപ്പിച്ചത്.

*********************************************************

*********************************************************

*********************************************************